(ബി) ഏതെല്ലാം കാര്യങ്ങളിൽ ഏതെല്ലാം കേന്ദ്ര മന്ത്രിമാരിൽനിന്ന് ഉറപ്പുകൾ ലഭിക്കുകയുണ്ടായി ; ഈ ഉറപ്പുകളിൽ ഏതെല്ലാം ഇതുവരെ പാലിക്കുകയുണ്ടായി ; വ്യക്തമാക്കുമോ ;

(സി) യു.പി.എ. ഗവൺമെന്റിൽനിന്നും സംസ്ഥാനസർക്കാരിനു ലഭിച്ചിരുന്ന ഏതെല്ലാം ആവശ്യങ്ങളിന്മേലുള്ള ഉറപ്പുകൾ ഇനിയും നടപ്പാക്കാൻ അവശേഷിക്കുന്നുണ്ട് ; വിശദാംശം ലഭ്യമാക്കുമോ ?

ഉത്തരം

(എ) കേന്ദ്ര ബഡ്ജറ്റിനുശേഷം മുഖ്യമന്ത്രി പ്രധാനമന്ത്രിയടക്കം താഴെപ്പറയുന്ന കേന്ദ്ര മന്ത്രിമാരെ സന്ദർശിക്കുകയും കേരളത്തിന്റെ ആവശ്യങ്ങൾ ഉന്നയിക്കുകയും ചെയ്തു :

1. ശ്രീമതി സുഷമാ സ്വരാജ്- വിദേശകാര്യ വകുപ്പുമന്ത്രി
2. ശ്രീമതി സ്മൃതി സുബിൻ ഇറാനി- മാനവശേഷി വികസന വകുപ്പുമന്ത്രി
3. ശ്രീ. പ്രകാശ് ജാവദേക്കർ-പരിസ്ഥിതി, വനം, കാലാവസ്ഥ വകുപ്പു സഹമന്ത്രി
4. ശ്രീ. രാധാ മോഹൻസിംഗ്- കൃഷി വകുപ്പുമന്ത്രി
5. ശ്രീമതി നിർമ്മല സീതാരാമൻ- വാണിജ്യവും വ്യവസായവും വകുപ്പുമന്ത്രി

(ബി) സംസ്ഥാനം ആവശ്യപ്പെട്ടവയിൽ പാലക്കാട് കോച്ച് ഫാക്ടറി, വിഴിഞ്ഞം അന്താരാഷ്ട്ര തുറമുഖത്തിന് VGF (Viability Gap Funding) എന്നിവയ്ക്ക് ബന്ധപ്പെട്ട കേന്ദ്രമന്ത്രിമാരിൽനിന്നും പ്രധാനമന്ത്രിയിൽനിന്നും അനുകൂലമായ പ്രതികരണം ലഭിച്ചിട്ടുണ്ട്. സംസ്ഥാനം ഉന്നയിച്ച മറ്റ് ആവശ്യങ്ങൾക്കും അനുഭാവ പൂർണ്ണമായ സമീപനമാണ് കേന്ദ്ര സർക്കാരിന്റെ ഭാഗത്തുനിന്നും ലഭ്യമായത്.

(സി) യു.പി.എ. സർക്കാരിന്റെ കാലത്ത് സംസ്ഥാന സർക്കാർ സമർപ്പിച്ചിരുന്ന ആവശ്യങ്ങളിന്മേൽ അനുകൂലമായ സമീപനമായിരുന്നു കേന്ദ്ര സർക്കാർ സ്വീകരിച്ചിരുന്നത്.

രണ്ടാം ഘട്ട ജനസമ്പർക്ക പരിപാടി

108 (1975) ശ്രീ. ജി. സുധാകരൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ :

(എ) മുഖ്യമന്ത്രിയുടെ രണ്ടാംഘട്ട ജനസമ്പർക്ക പരിപാടിയിൽ ആലപ്പുഴ ജില്ലയിൽനിന്ന് എത്ര പരാതികളാണ് സമർപ്പിക്കപ്പെട്ടത് ;

LIBRARY ARCHIVES Kerala Legislative Assembly

(ബി) അവയിൽ എത്ര പരാതികളിൽ തീർപ്പായിട്ടുണ്ട്;

(സി) തീർപ്പാക്കാത്തവയിൻമേൽ എന്ത് തുടർനടപടികളാണ് സ്വീകരിച്ചിട്ടുള്ളത്; വ്യക്തമാക്കാമോ ;

(ഡി) പ്രസ്തുത പരിപാടിയിൽ ആലപ്പുഴ ജില്ലയിൽ എ.പി.എൽ. കാർഡ് ബി.പി.എൽ. ആക്കി മാറ്റുന്നതിനുള്ള എത്ര അപേക്ഷകൾ ലഭിച്ചു ; എത്ര പേർക്ക് ബി.പി.എൽ. കാർഡ് അനുവദിച്ചു ;

(ഇ) രണ്ടാംഘട്ട ജനസമ്പർക്ക പരിപാടിയിൽ മുഖ്യമന്ത്രിയുടെ ദുരിതാശ്വാസ നിധിയിൽ നിന്നുള്ള ധനസഹായത്തിനായി എത്ര അപേക്ഷകൾ ലഭിച്ചു : എത്ര പേർക്ക് എന്ത് തുക ധനസഹായമായി അനുവദിച്ചു ; വ്യക്തമാക്കാമോ ?

ഉത്തരം

(എ) ആലപ്പുഴ ജില്ലയിലെ ജനസമ്പർക്ക പരിപാടിയിൽ 26171 അപേക്ഷകൾ ലഭിച്ചു.

(ബി) 26,100 പരാതികൾ തീർപ്പാക്കിയിട്ടുണ്ട്.

(സി) തീർപ്പാക്കാനുള്ള അപേക്ഷകൾ ബന്ധപ്പെട്ട വകുപ്പുകളിൽ നടപടിയിലാണ്. അപേക്ഷകൾ തീർപ്പാക്കുന്ന മുറയ്ക്ക് നടപടി വിവരം അപേക്ഷകരെ ബന്ധപ്പെട്ട ഓഫീസുകളിൽ നിന്ന് നേരിട്ട് അറിയിക്കുന്നതാണ്.

(ഡി) എ.പി.എൽ. റേഷൻ കാർഡ് ബി.പി.എൽ ആക്കുന്നതിനായി 4,787 അപേക്ഷകൾ ലഭിച്ചു. 393 പേർക്ക് ബി.പി.എൽ. റേഷൻ കാർഡ് അനുവദിച്ചിട്ടുണ്ട്.

(ഇ) മുഖ്യമന്ത്രിയുടെ ദുരിതാശ്വാസ നിധിയിൽനിന്നും ധനസഹായത്തിനായി 8,852 അപേക്ഷകൾ ലഭിച്ചു. 2,313 അപേക്ഷകർക്കായി 2,75,17,000 രൂപ ധനസഹായം അനുവദിച്ചു.

ജനസമ്പർക്ക പരിപാടിയിൽ ലഭിച്ച അപേക്ഷകൾ

109 (1976) ശ്രീ. എൻ. എ. നെല്ലിക്കുന്ന് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ :

(എ) ഈ സർക്കാർ അധികാരമേറ്റതിനുശേഷം മുഖ്യമന്ത്രി നടത്തിയ ജനസമ്പർക്ക പരിപാടിയിൽ ഏറ്റവും കൂടുതൽ അപേക്ഷകൾ ലഭിച്ചത് ഏത് ജില്ലയിൽ നിന്നാണ്;

(ബി) ജനസമ്പർക്ക പരിപാടിയിൽ കാസർഗോഡ് ജില്ലയിൽ നിന്ന് ലഭിച്ച അപേക്ഷകളുടെ എണ്ണവും വിശദാംശങ്ങളും നൽകാമോ ;

LIBRARY ARCHIVES Kerala Legislative Assembly